"ഭരണഭാഷ - മാതൃഭാഷ"

***മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ***

വിഷയം:- പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി ക്ലർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% താഴ്ന്ന വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റം മുഖേന അനുവദിക്കൽ - ക്ലാർക്ക് തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. സ.ഉ (പി) നമ്പർ 1/2014/ഉഭപവ തീയതി. 03.01.2014.
2. പഞ്ചായത്ത് ഡയറക്ടറുടെ 05.05.2014 ലെ ഇ10-1000/2014 നമ്പർ കത്ത്.
3. സ.ഉ.(പി)നം. 21/2014/ഉ.ഭ.പ.വ. തിയതി. 19/07/2014.
4. പഞ്ചായത്ത് ഡയറക്ടറുടെ 17/01/2015 ലെ ഇ10-1000/2014 നമ്പർ കത്ത്.
5. ഈ ഓഫീസിലെ 27/02/2015 ലെ ഡി3-16857/2013 നമ്പർ ഉത്തരവ്.

---

***ഉത്തരവ് നമ്പർ ഡി3-12600/2014 തീയതി. 03/06/2016***

---

വിവിധ സർക്കാർ വകുപ്പുകളിൽ 03.01.2014 മുതൽ ഉണ്ടാകുന്ന എൽ.ഡി ക്ലർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് ഒഴിവുകളിലെ 10% ഒഴിവുകളിലേക്ക് അതേ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

മേൽ സർക്കാർ ഉത്തരവ് പ്രകാരം തസ്തികമാറ്റം വഴി നിയമനം നൽകുന്നതിനായി മലപ്പുറം ജില്ലയിലെ എൽ.ഡി.ക്ലാർക്ക് / എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ കേഡർ സ്ട്രങ്ത്ത് നിജപ്പെടുത്തുകയും പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ഓഫീസ് അറ്റന്റന്റ്, ഡ്രൈവർ തുടങ്ങിയ താഴ്ന്ന വിഭാഗം ജീവനക്കാരേയും ഫുൾടൈം കണ്ടിജന്റ് ജീവനക്കാരേയും ഉൾപ്പെടുത്തി പരാമർശം (5) പ്രകാരം അന്തിമ സംയോജിത സീനിയോറിറ്റി പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ വിഭാഗത്തിൽ നാളിതുവരെയായി ***13*** പേർക്ക് തസ്തികമാറ്റം അനുവദിച്ചിട്ടുണ്ട്. 31/05/2016 മുതൽ നാളിതുവരെ മലപ്പുറം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ ഉണ്ടായിട്ടുള്ള ***135*** ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഒരാൾക്ക് കൂടി തസ്തികമാറ്റത്തിന് അർഹതയുള്ളതായി കാണുന്നു.

മേൽ സാഹചര്യത്തിൽ ഉപര്യുപ്ത പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ താഴെ ചേർത്ത ജീവനക്കാരിയെ ടിയാളുടെ പേരിന് നേരെ ചേർത്ത ഗ്രാമ പഞ്ചായത്ത് ഓഫീസിൽ 19000-43600 ശമ്പള സ്കെയിലിൽ തസ്തിക മാറ്റംവഴി ക്ലാർക്ക് തസ്തികയിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | പ്രൊബേഷൻ ഡിക്ലയർ ചെയ്ത തിയതി / ഉത്തരവ് നമ്പർ | ഓഫീസിന്റെ പേര് |
|---|---|---|---|
| *1* | റീജ.പി.ആർ<br>ഓഫീസ് അറ്റന്റന്റ്,<br>ചാലിയാർ ഗ്രാമ പഞ്ചായത്ത്.<br>(സീയിയോറിറ്റി നമ്പർ 42) | 07/03/2006 /<br>ഡി3-5116/08/കെ.ഡിസ്<br>തിയതി. 17/06/2008<br>ഡിഡിപി മലപ്പുറം | ***പോത്തുകല്ല്<br>ഗ്രാമ പഞ്ചായത്ത്*** |

ശ്രീമതി.റീജ.പി.ആർ 15 ദിവസത്തിനകം ***പോത്തുകല്ല് ഗ്രാമ പഞ്ചായത്ത്*** സെക്രട്ടറി മുമ്പാകെ ജോലിയിൽ പ്രവേശിക്കുന്നതിനായി ഹാജരാകേണ്ടതാണ്. ഇങ്ങനെ നിയമിക്കപ്പെടുന്നവർ ക്ലർക്ക് തസ്തികയിൽ മൂന്നുവർഷക്കാലയളവിനുള്ളിൽ രണ്ട് വർഷത്തെ പ്രാബേഷൻ തൃപ്തികരമായി പൂർത്തിയാക്കേണ്ടതാണ്.

ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറി / ഓഫീസ് മേധാവി ശ്രീമതി.റീജ.പി.ആർ –യെ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിപ്പിച്ചതുമായ വിവരം ഈ ഓഫീസിലും ബന്ധപ്പെട്ട മറ്റു ഓഫീസുകളിലും യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

***(ഒപ്പ്)***
***നവാസ്.പി***
മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ
പൂർണ്ണ അധിക ചുമതല

പകർപ്പ്:

1. വ്യക്തിക്ക് (ഓഫീസ് അധികാരി മുഖാന്തിരം)
2. ബഹു. പഞ്ചായത്ത് ഡയറക്ടർ (ആമുഖ കത്ത് സഹിതം)
3. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം
4. സീനിയർ സൂപ്രണ്ട്, (......... പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്)
5. സെക്രട്ടറി, ചാലിയാർ / പോത്തുകല്ല് ഗ്രാമ പഞ്ചായത്ത്.
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. കരുതൽ അധികം

***// ഉത്തരവിൻ പ്രകാരം //***

***ജൂനിയർ സൂപ്രണ്ട്***